**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2373** **12-10-2021 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക് സോഫ്റ്റ്‌വെയറിൽ പിഴവ് തിരുത്താൻ ബദൽ മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്പാർക്ക് സോഫ്റ്റ്‌വെയറിൽ പിഴവ് തിരുത്താൻ കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള മറ്റുസ്ഥലങ്ങളിൽനിന്നും ഉദ്യോഗസ്ഥർ തലസ്ഥാനത്തെത്തിച്ചേരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സ്പാർക്ക് സൊഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങളിൽ പിഴവ് വന്നിട്ടുണ്ടെങ്കിൽ അവ തിരുത്തുന്നതിനു ഉദ്യോഗസ്ഥർ തലസ്ഥാനത്ത് എത്തിച്ചേരേണ്ട സാഹചര്യം നിലവിലില്ല .സംസ്ഥാനത്തെ 7 ജില്ലാ ട്രഷറികളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,എറണാകുളം , മലപ്പുറം, കാസർഗോഡ് ) തിരുവനന്തപുരം സ്പാർക്ക് ഓഫീസിൻറെ നിയന്ത്രണത്തിൽ മാസ്റ്റർ ട്രെയിനേഴ്സിനെ നിയമിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്.കണ്ണൂർ ,എറണാകുളം എന്നീ ജില്ലകളിൽ രണ്ടു റീജിയണൽ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.ബാക്കിയുള്ള ജില്ലകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്ന വിഷയം പരിഗണിച്ചു വരുന്നു . |
| (ബി) | ശമ്പളം സംബന്ധിച്ച വിവരങ്ങളിലെ തിരുത്തലുകൾ വരുത്തുന്നതിന് ജില്ലാ ട്രഷറികൾ കേന്ദ്രീകരിച്ച് ഉണ്ടായിരുന്ന സംവിധാനം പുന:സ്ഥാപിക്കുമോ; | (ബി) | 7 ജില്ലാ ട്രഷറികളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,എറണാകുളം , മലപ്പുറം, കാസർഗോഡ് ) തിരുവനന്തപുരം സ്പാർക്ക് ഓഫീസിൻറെ നിയന്ത്രണത്തിൽ മാസ്റ്റർ ട്രെയിനേഴ്സിനെ നിയമിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള ജില്ലകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്ന വിഷയം പരിഗണിച്ച് വരുന്നു. |
| (സി) | കേരള സർവ്വകലാശാല ക്യാംപസിനുള്ളിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലെയും അത് നിയന്ത്രിക്കുന്ന സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെയും ഉദ്യോഗസ്ഥർ ജീവനക്കാരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നത് ഒഴിവാക്കുവാനായി ഔദ്യോഗിക ഫോൺകോളുകൾ സ്വീകരിക്കാതിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പാർക്ക് ഓഫീസിലെ ഔദ്യോഗിക ഫോൺ നമ്പർ 0471-2579700 ആണ്. ടെലിഫോൺ മുഖേനയുള്ള അന്വേഷണങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ അവയ്ക്ക് മറുപടി നൽകുന്നതിനായി ധനകാര്യ വകുപ്പിൽ നിന്ന് അധിക ജീവനക്കാരെ സ്പാർക്ക് (പി.എം.യു)വിലേക്ക് നിയമിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | ജീവനക്കാരുടെ സർവീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്പാർക്കിൽ അടിയന്തരമായി ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ഡി) | ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല. . |

സെക്ഷൻ ഓഫീസർ